ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, ഫോർട്ട് കൊച്ചി സ്ബ്കളക്ടറെ സ്മാർട്ട് സിറ്റി പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെട്ട ആറര ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പ്രവർത്തനോദ്ഘാടനം 2016 ഫെബ്രുവരി 20-ന് നടത്തുന്നതാണ്. കൂടാതെ, 45 ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഐ.ടി. സ്പേസ് ഉൾക്കൊള്ളുന്ന രണ്ടാം ഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനവും ഇതോടൊപ്പം നടത്തുന്നതാണ്.

അത്തർ മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

168 (553) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് അത്തർ മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി ഗ്രാമ വ്യവസായ ബോർഡ് അത്തർ മണ്ഡലത്തിൽ എന്റെ ഗ്രാമം പദ്ധതി പ്രകാരം 11 വ്യവസായ യൂണിറ്റുകൾക്കായി 30,50,000 രൂപ വായ്പയായി ദേശസാൽകൃത ബാങ്കുകൾ മുഖേന അനുവദിക്കുകയും ആയതിന്റെ മാർജിൻ മണിയായി 8,66,212 രൂപ വിതരണം ചെയ്യുകയും അതിലൂടെ 35 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 13 വ്യവസായ യൂണിറ്റുകൾക്കായി ദേശസാത്കൃത ബാങ്കുകൾ മുഖേന 1,31,88,234 രൂപ വായ്പയായി അനുവദിച്ചു. ആയതിന്റെ മാർജിൻ മണിയായി 46,15,882 രൂപയും നൽകി. ഇതിലൂടെ 148 പേർക്ക് തൊഴിൽ നൽകി. ഖാദി മേഖലയുടെ ആധുനികവത്കരണ പദ്ധതിയിലൂടെ ഉഴവ ഖാദി സ്പിന്നിംഗ് സെന്ററിൽ 2,99,727 രൂപ നവീകരണത്തിനായി ചെലവഴിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* സിഡ്കോ, കൈത്തറി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly